DESPATCHED
On..6/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP.1523*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 13482/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ശ്രീകല. ആർ,
W/o. റ്റി.എൻ. ജയദേവൻ,
ശ്രീവത്സം, വിജയാംബിക റോഡ്,
അരൂർ (പി.ഒ),
ആലപ്പുഴ – 688 534. } ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
ധനകാര്യ(ഇൻഫർ) വകുപ്പ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ
സെക്രട്ടറി,
ധനകാര്യ(ഇൻഫർ) വകുപ്പ്,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30/07/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21/09/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14/10/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21/11/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24/11/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 20/12/2022<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി (ജയദേവൻ)<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ശ്രീകല. ആർ 21/11/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 24/11/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1523(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 30/07/2020-ന് സമർപ്പിച്ച അപേക്ഷയ്ക്ക് 21/09/2020-ന് എതിർകക്ഷി നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്, ക്രമനമ്പർ 1, 2-ന് എറണാകുളം ഡിസ്ട്രിക്ട് ഫിനാൻസ് ഇൻസ്പെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥരുടെയും ധനകാര്യ(പരിശോധന എൻ.ടി.ബി) വിങ്ങിലെ ഉദ്യോഗസ്ഥരുടെ ജൂലൈ മാസത്തെ അറ്റന്റൻസ് രജിസ്റ്ററിന്റെ കോപ്പി ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും, ക്രമ നമ്പർ 3-ന് എറണാകുളം ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള 3 പേർ ജോലി ചെയ്തുവരുന്നുവെന്നും, സെക്ഷൻ ഓഫീസർ ആയ ശ്രീ. സെബാസ്റ്റ്യൻ, സീനിയർ ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. ഫൈസൽ, ഡ്രൈവറായ ശ്രീ. രതീഷ് കുമാർ ടിയാളുകളുടെ ജൂലൈ മാസത്തെ സാലറി സ്ലിപ്പ് എന്നത് മൂന്നാം കക്ഷി വിവരമായതിനാൽ ടിയാളുകളുടെ സമ്മതപത്രം പ്രകാരം മാത്രമേ ലഭ്യമാക്കാനാകുവെന്നാണ്.

4. 10/10/2020 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 14/10/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 20/12/2020-ൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 30/07/2020-ലെ 2 അപേക്ഷകൾ 18/08/2020-ന് ധനകാര്യ വകുപ്പിൽ ലഭിക്കുകയുണ്ടായിയെന്നും, ആയതിന് 21/09/2020-ലെ കത്തിൽ മറുപടിയും നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ തൃപ്തിയാകാതെ 05/10/2020-ന് ടിയാരി സമർപ്പിച്ച അപ്പീൽ 12/10/2020-ന് ടി വകുപ്പിൽ ലഭിച്ചെന്നും, ആയതിന് 14/10/2020-ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ടിയാന്റെ ചോദ്യം 3-ൽ ആവശ്യപ്പെട്ട വിവരങ്ങൾ എന്നത് തികച്ചും സ്വകാര്യവും പൊതുജന താൽപ്പര്യം ഇല്ലാത്തതും മൂന്നാം കക്ഷി വിവരവുമായതിനാൽ പ്രസ്തുത വിവരം ടിയാന് നൽകുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

സമ്മതമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ള വിവരം 12/10/2020-ലെ ഇതേ നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നുമാണ്. കൂടാതെ ടിയാൻ മറുപടി ലഭ്യമാക്കാൻ കാലതാമസം നേരിട്ടത് കോവിഡ്-19 മൂലമുണ്ടായ ലോക്ക്ഡൗൺ കാരണം ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടതിനാലാണ് എന്നുള്ള വിവരം അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ സ്വാഭാവികമായി ഉണ്ടായ കാലതാമസം മാത്രമേ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിലും ഉണ്ടായിട്ടുള്ളൂ എന്നും പ്രസ്തുത മറുപടിയിന്മേൽ 16/10/2020-ൽ ധനവകുപ്പിൽ ലഭിച്ച 10/10/2020-ലെ രണ്ടാം അപ്പീൽ അപേക്ഷയ്ക്ക് 20/10/2020-ലെ കത്ത് പ്രകാരം മറുപടി നൽകുകയുമുണ്ടായിയെന്നുമാണ്.

പ്രസ്തുത അപ്പീൽ മറുപടിയ്ക്കെതിരെ 21/11/2020-ൽ അപേക്ഷക കമ്മീഷനിൽ അപ്പീൽ സമർപ്പിക്കുകയും 04/12/2020-ലെ കത്ത് പ്രകാരം റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം ലഭ്യമാക്കണമെന്നും ആയതിന്റെ പകർപ്പ് പരാതിക്കാരിക്ക് അയച്ചു കൊടുക്കണമെന്നും കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കമ്മീഷന് ടി റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം ടി റിപ്പോർട്ടിന്റെ പകർപ്പ് അപേക്ഷയ്ക്കും അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്. കമ്മീഷന് സമർപ്പിച്ച രണ്ടാം അപ്പീലിലെ പിരിവ് 3-ലെ ചോദ്യം 1, 2 എന്നിവയിൽ ആവശ്യപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഒരിക്കൽ കൂടി ഇതോടൊപ്പം ലഭ്യമാക്കുന്നുവെന്നുമാണ്. കൂടാതെ പിരിവ് 7-ൽ കോവിഡ് 19 അൺലോക്ക് പ്രക്രിയ ആരംഭിക്കുകയും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്ക് ഇളവുകൾ വരികയും ചെയ്തിട്ടും താമസം വന്നതിന് പ്രസ്തുത കാരണം കാണിച്ചത് കോവിഡ് 19 ദുരുപയോഗിച്ചതാണെന്നുമാണ്. എന്നാൽ പരിശോധാനാ വിഭാഗം ജീവനക്കാർ നിരീക്ഷണത്തിലും കോവിഡ് ചികിത്സയിലും ആയിരുന്നതിനാലും ഓഫീസ് പ്രവർത്തനം പൂർണ്ണ തോതിൽ അല്ലായിരുന്നതിനാലും ഉത്തരങ്ങൾ ലഭിക്കുവാൻ കാലതാമസം നേരിട്ടിരുന്നുവെന്നുമാണ്. ആയതിനാൽ സ്വാഭാവികമായി ഉണ്ടായ കാലതാമസം മാത്രമേ ടിയാളുടെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിലും ഉണ്ടായിട്ടുള്ളൂവെന്നും, അപേക്ഷക ഒരേ ആവശ്യം ഉന്നയിച്ച് നിരന്തരം അപേക്ഷകൾ സമർപ്പിക്കുകയും, ടിയാരി സമർപ്പിച്ച മറ്റൊരു അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ സംബന്ധിച്ച അവ്യക്തത നിലനിന്നതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും പകർപ്പുകൾ ടിയാരിക്ക് 14/12/2020-ലെ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിലെ 3-ാമത്തെ ചോദ്യം മൂന്നാംകക്ഷി വിവരമല്ലായെന്നും പ്രസ്തുത വിവരം വിവരാവകാശ നിയമം സെക്ഷൻ 4(1)(b)(x) പ്രകാരം പ്രസിദ്ധീകരിക്കേണ്ട വിവരം ആയതിനാൽ അവ നിരസിച്ചതും, ചോദ്യം (2) പ്രകാരം

ലീവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടില്ലെന്നും, ആയതിനാൽ ചോദ്യം (2) (3) പ്രകാരമുള്ള മുഴുവൻ വിവരങ്ങളും സമയബന്ധിതമായി നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഹിയറിംഗ് വേളയിലെ കമ്മീഷന്റെ നിർദ്ദേശ പ്രകാരം 21/12/2022, 30/12/2022 എന്നീ തീയതികളിൽ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം ടിയാൾക്ക് നൽകിയതായി ബോധ്യമാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 6–ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV